**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3738** **12-03-2025 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ കായിക വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളും അനുവദിച്ച തുകയും അവയുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ; | (എ) | ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (സി) | പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | ആലത്തൂർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | കിഴക്കാഞ്ചേരി ഗവ. ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ട് | 2.13 കോടി | 35% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 04.07.2024 തീയതിയിൽ കായിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നയോഗത്തിൽ ഇൻഡോർ കോർട്ടിന്റെ ഉയരം 8 മീറ്ററിൽ നിന്നും 9 മീറ്ററാക്കി ഉയർത്തുവാൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഡിസൈൻ VET ചെയ്ത് ലഭിക്കുന്നതിനായി തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ സമർപ്പിച്ചിരിക്കുകയാണ്. ആയത് ലഭിച്ച ശേഷം പ്രവൃത്തി പുനരാരംഭിച്ച് 2025 ജൂലൈ മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 2. | CVMHSS ഗ്രൗണ്ട് വണ്ടാഴി, പാലക്കാട് | 95.73 ലക്ഷം | പ്രവൃത്തിയിൽ പുരോഗതിയില്ലാത്തതിനാൽ 23.08.2024 തീയതിയിലെ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയറുടെ നടപടിക്രമം പ്രകാരം കരാറുകാരനെ പ്രസ്തുത പ്രവൃത്തിയിൽ നിന്നും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്യുകയും പ്രവൃത്തി പുനർ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| 3. | അക്വാട്ടിക് അക്കാഡമി, ആലത്തൂർ | 2.00 കോടി | പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രവൃത്തി 01.08.2024 തീയതിയിലെ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയറുടെ നടപടിക്രമം പ്രകാരം കരാറുകാരനെ ടി പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുകയും 03.03.2025 അവസാന തീയതിയായി ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത ടെണ്ടറിൽ ഒരു ദർഘാസുകാരൻ മാത്രമാണ് പങ്കെടുത്തിരുന്നത്. ആയതിനാൽ പ്രവൃത്തി റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| 4. | ജി.എൽ.പി.എസ് പെരുംകുന്നം ഗ്രൗണ്ട്, | 80 ലക്ഷം | റീട്ടൈനിംഗ് വാളിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു (20% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്). 2025 ഓഗസ്റ്റ് മാസം |

| | | | |
|---|---|---|---|
| | കുഴൽമന്ദം (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) | | അവസാനത്തോട്ടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ